# ബാലകേരളീയം





വര: ശ്രീകുമാർ, എ.വി.

## മച്ചിങ്ങാ പമ്പരം

### നിങ്ങൾക്കും ഒരു കളിപ്പാട്ടമുണ്ടാക്കാം -1

#### ആവശ്യമായ വസ്തുക്കൾ

മച്ചിങ്ങ - 1
നിളമുള്ള റബ്ബർബാന്റ് - 1
ഈർക്കിൾ കഷണം - 1

**ഉണ്ടാക്കുന്നവിധം**

മച്ചിങ്ങയുടെ തൊപ്പി അടർത്തിക്കളഞ്ഞതിനുശേഷം അതിന്റെ മുകൾഭാഗം നിരപ്പാക്കി മുറിക്കുകയും നിരപ്പായ പ്രതലത്തിൽ നടുവിൽ ഒരു ചെറിയ തുളയിടുക. മുറിച്ച റബ്ബർബാന്റിന്റെ ഒരറ്റം ഈർക്കിൾ കഷണത്തിൽ കെട്ടി അത് തുളയിലൂടെ ഇറക്കി ഉറപ്പിക്കുക. റബ്ബർ ബാന്റിന്റെ മറ്റേ തലക്കൽ പിടിച്ച് മച്ചിങ്ങയുടെ മുനപ്പ് തറയിൽ മുട്ടിച്ചുനിർത്തി റബർബാന്റിന്റെ തലപ്പ് പിടിച്ചു കറക്കുക. അതിനുശേഷം റബ്ബർബാന്റിന്റെ തലപ്പ് പിടിച്ച് മച്ചിങ്ങ ഉയർത്തുക. വിപരീത ദിശയിലേക്ക് മച്ചിങ്ങ കറങ്ങുന്നതു കാണാം.

---

വടനാട്ടിലെ തൃക്കൈപറ്റ കേന്ദ്രീകരിച്ച് കുട്ടികൾക്കായി പ്രവർത്തിക്കുന്ന പ്രതിഭാ പഠന കേന്ദ്രം ഡിസംബർ 26, 27, 28 ദിവസങ്ങളിൽ ഒരു കളിക്കോപ്പു നിർമാണ കളരി നടത്തി. കുട്ടികളിലെ സർഗവാസനകൾ ഉണർത്തുന്നതിന് സഹായകമായിരുന്ന നാടൻ കളികോപ്പുകൾ ടിവിയുടെയും ക്രിക്കറ്റിന്റേയും സ്വാധീനത്തിൽ നശിച്ചുകൊണ്ടിരിക്കുന്ന വീട്ടുപരിസരത്തുള്ള പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് കുട്ടികൾക്ക് കളിപ്പാട്ടങ്ങൾ അനവധിയാണ്. ഇത്തരം കളിക്കോപ്പുകൾ നിർമ്മിക്കാൻ അറിയാവുന്നവർ വിശദവിവരങ്ങൾ കേരളീയം, തൃശൂർ - 4 എന്ന വിലാസത്തിൽ അറിയിക്കുക.

(ആൾട്ടർമീഡിയ പ്രസിദ്ധീകരിക്കുന്ന കളിപ്പാട്ടങ്ങളുടെ പുസ്തകത്തിൽനിന്ന്.)